# റമദാൻ വിടപറയുമ്പോൾ....

**എം. എം. അക്ബർ**

ഒരു റമദാൻ കൂടി വിടപറയുകയാണ്. ആത്മസമർപ്പണത്തിലൂടെ എങ്ങനെ ആത്മീയോൽക്കർഷത്തിലെത്താമെന്ന് പരിശീലിച്ച് പഠിക്കുകയായിരുന്നു മുസ്‌ലിംകൾ. സ്വയം ശുദ്ധീകരണത്തിനായുള്ള ഒരവസരം കൂടി അവരിൽ നിന്ന് കൊഴിഞ്ഞ് പോവുകയാണ്. ഇനി സ്വയം വിമർശനത്തിനുള്ള സമയമാണ്; കഴിഞ്ഞുകൊണ്ടിരിക്കുന്ന റമദാനിലെ വ്രതാനുഷ്ഠാനവും നിശാനമസ്കാരവുമെല്ലാം നമുക്കെന്ത്നേടിത്തന്നുവെന്ന് പരിശോധിക്കുവാനുള്ള സമയം. സ്വയം പരിശോധിക്കുമ്പോൾ തെറ്റുകൾ തിരുത്തുവാനും വരും നാളുകളെ കൂടുതൽ ധന്യമാക്കുവാനും കഴിയും.

എന്തിനാണ് വ്രതാനുഷ്ഠാനമെന്ന ചോദ്യത്തിന് അത് നിർബന്ധമാക്കിക്കൊണ്ടുള്ള ഖുർആൻ സൂക്തം തന്നെ മറുപടി പറയുന്നുണ്ട്:

‘‘സത്യവിശ്വാസികളേ, നിങ്ങളുടെ മുമ്പുള്ളവരോട് കൽപിച്ചിരുന്നത് പോലെത്തന്നെ നിങ്ങൾക്കും നോമ്പ് നിർബന്ധമായി കൽപിക്കപ്പെട്ടിരിക്കുന്നു. നിങ്ങൾ തഖ്‌വ കൈക്കൊള്ളുവാൻ വേണ്ടിയത്രെ അത്’’ (2:183).

എന്താണ് തഖ്‌വ? ഇസ്‌ലാമിക ജീവിതത്തിൻെറ ആണിക്കല്ലാണത്. തഖ്‌വ ഉൾക്കൊള്ളുന്ന മുസ്‌ലിംകളായിക്കൊണ്ടല്ലാതെ മരി ക്കാൻ ഇട വരരുതെന്നുമാണ് എല്ലാ വിശ്വാസികളോടും ഖുർആൻ അനുശാസിക്കുന്നത്.

‘‘സത്യ വിശ്വാസികളേ, നിങ്ങൾ അല്ലാഹുവോട് തഖ്‌വ കാണിക്കേണ്ട മുറപ്രകാരം തഖ്‌വ കാണിക്കുക. നിങ്ങൾ മുസ്‌ലിംകളായിക്കൊണ്ടല്ലാതെ മരിക്കാൻ ഇടവരരുത്’’ (3:102).

തഖ്‌വയെന്നാൽ സൂക്ഷ്മതയെന്നാണ് അർഥം നൽകി വരാറുള്ളത്. കേവലമായ സൂക്ഷ്മതയെന്നതിലുപരിയായി ആരെ സൂക്ഷിക്കണമെന്നും എന്തിന് സൂക്ഷിക്കണമെന്നും എങ്ങനെ സൂക്ഷിക്കണമെന്നുമുള്ള ചോദ്യങ്ങൾക്കെല്ലാം ഉത്തരം അടങ്ങിയിരിക്കുന്ന സാങ്കേതിക സംജ്ഞയാണ് തഖ്‌വ. അതുകൊണ്ടാണ് ഈമാനും ഇത്തിബാളും ഇഖ്‌ലാസുമാണ് തഖ്‌വയുടെ മൂന്ന് സ്തംഭങ്ങളെന്ന് പണ്ഡിതന്മാരിൽ പലരും പറഞ്ഞിട്ടുള്ളത്.

അല്ലാഹുവിനെയാണ് ഒരു മുസ്‌ലിം സൂക്ഷിക്കേണ്ടത്. തന്റെ യജ മാനനായ നാഥനെ സൂക്ഷിക്കണമെങ്കിൽ അവനെക്കുറിച്ച അറിവ് അനിവാര്യമാണ്. ഈ അറിവാണ് ഈമാൻ. അല്ലാഹുവിനെക്കുറിച്ച അറിവിനോടനുബന്ധമായി വരുന്നവയാണ് അവനും മനുഷ്യനും തമ്മിലുള്ള ബന്ധത്തെക്കുറിച്ച ജ്ഞാനവും. മലക്കുകളെയും ദൈവികഗ്രന്ഥങ്ങളെയും ദൈവദൂതന്മാരെയും പ്രതിഫലനാളിനെയും ദൈവികവിധിയെയും കുറിച്ച അറിവുകൾ അല്ലാഹുവെയും അവനും മനുഷ്യനും തമ്മിലുള്ള ബന്ധത്തെയും കുറിച്ച അറിവിൻെറ ഭാഗം തന്നെയാണ്. അല്ലാഹുവിനെ അറിയേണ്ടതു പോലെ അറിയാതിരിക്കുന്നതുമൂലമുണ്ടാകുന്ന മാർഗഭ്രംശത്തെപ്പറ്റി ഖുർആൻ പലവുരു താക്കീതു ചെയ്തിട്ടുണ്ട്.

‘‘അല്ലാഹുവെ, കണക്കാക്കേണ്ട മുറപ്രകാരം അവർ കണക്കാക്കിയിട്ടില്ല. തീർച്ചയായും അല്ലാഹു ശക്തനും പ്രതാപിയും തന്നെയാകുന്നു’’ (22:74).

‘‘ഒരു മനുഷ്യനും അല്ലാഹു യാതൊന്നും അവതരിപ്പിച്ച് കൊടുത്തിട്ടില്ല എന്നുപറഞ്ഞ സന്ദർഭത്തിൽ അല്ലാഹുവെ വിലയിരുത്തേണ്ട മുറ പ്രകാരം വിലയിരുത്താതിരിക്കുകയാണ് അവർ ചെയ്തത്’’ (6:91).

‘‘അല്ലാഹുവെ കണക്കാക്കേണ്ട നിലയിൽ അവർ കണക്കാക്കിയിട്ടില്ല. ഉയിർത്തെഴുന്നേൽപിൻെറ നാളിൽ ഭൂമി മുഴുവൻ അവൻെറ ഒരു പിടിയിൽ ഒതുങ്ങുന്നതായിരിക്കും. ആകാശങ്ങൾ അവൻെറ വലതുകയ്യിൽ ചുരുട്ടിപ്പിടിക്കപ്പെട്ടവയുമായിരിക്കും. അവനെത്ര പരിശുദ്ധൻ! അവർ പങ്കു ചേർക്കുന്നതിനെല്ലാം അവൻ അതീതനായിരിക്കുന്നു’’(39:67).

ദൈവിക മാർഗനിർദേശപ്രകാരമുള്ള ജീവിതമാണ് ഇത്തിബാഉ കൊണ്ടുള്ള വിവക്ഷ. പ്രസ്തുത ജീവിതത്തിനുള്ള നമ്മുടെ മാർഗദർശിയാണ് മുഹമ്മദ്നബി (സ). അദ്ദേഹത്തിൻെറ ജീവിതത്തെ അനുധാവനം ചെയ്യാൻ ശ്രമിക്കുന്നവനാകണം വിശ്വാസി. ആത്മീയ ജീവിതമെന്നാൽ ഭൗതിക ജീവിതത്തിൻെറ നിഷേധമാണെന്നല്ല മുഹമ്മദ് നബി(സ) പഠിപ്പിച്ചത്. ഭൗതികജീവിതത്തെ ദൈവിക മാർഗ നിർദേശങ്ങൾക്കനുസൃതമായി ആസ്വദിക്കുന്നതെങ്ങനെയെന്നാണ് അദ്ദേഹം സ്വന്തം ജീവിതത്തിലൂടെ കാണിച്ചു തന്നത്. അദ്ദേഹം പഠിപ്പിച്ചതിൽ കൂട്ടുകയോ കുറയ്ക്കുകയോ ചെയ്യാതെ അനുധാവനം ചെയ്യുന്നവനായിരിക്കണം വിശ്വാസി. മുഹമ്മദ് നബി(ല) യുമായി ബന്ധപ്പെട്ട ഒരു സംഭവം ശ്രദ്ധിക്കുക.

‘‘അനസ്ബ്നു മാലിക് (റ) നിവേദനം: മൂന്ന് ആളുകൾ നബി(സ) യുടെ ആരാധനകളെസംബന്ധിച്ച് അന്വേഷിച്ചറിയാനായി പ്രവാച കപത്നിമാരുടെ വീടുകളിൽ ചെന്നു. അങ്ങനെ അവർ അതേക്കുറിച്ച് മനസ്സിലാക്കിയപ്പോൾ തിരുമേനിയുടെ ആരാധനകൾ നന്നേ കുറവാ ണെന്ന് അവർക്ക് തോന്നി. ഞങ്ങളും നബി (സ)യും എവിടെനിൽക്കുന്നുവെന്നും തിരുമേനിക്ക് കഴിഞ്ഞതും വരാനുള്ളതുമായ മുഴു വൻ പാപങ്ങളും പൊറുക്കപ്പെട്ടിരിക്കുകയാണല്ലോ എന്നും അവർ പറഞ്ഞു. തുടർന്ന് അവരിലൊരാൾ പറഞ്ഞു: ‘ഞാൻ രാത്രി മുഴുവൻ നിന്ന് നമസ്കരിക്കും’. മറ്റൊരാൾ പറഞ്ഞു: ‘ഞാൻ എന്നെന്നും നോ മ്പ് അനുഷ്ഠിക്കും. അത് ഉപേക്ഷിക്കുകയേയില്ല’. ഇതരൻ പറഞ്ഞു: ‘ഞാൻ വിവാഹം കഴിക്കാതെ സ്ത്രീകളുമായി വിട്ടുനിൽക്കും’. വിവ രമറിഞ്ഞപ്പോൾ നബി (സ) അവരുടെ അടുത്തു ചെന്ന് ചോദിച്ചു: ‘ഇങ്ങനെയൊക്കെ പറഞ്ഞത് നിങ്ങളാണോ? എന്നാൽ നിങ്ങളിൽ അല്ലാഹുവെ ഏറ്റവും അധികം ഭയപ്പെടുന്നവനും സൂക്ഷിക്കുന്നവ നും ഞാനാണ്. പക്ഷേ, ഞാൻ നോമ്പെടുക്കുകയും ഉപേക്ഷിക്കുക യും രാത്രി നമസ്കരിക്കുകയും ഉറങ്ങുകയും സ്ത്രീകളെ വിവാഹം കഴിക്കുകയും ചെയ്യുന്നു. ആരെങ്കിലും എൻെറ ചര്യ നിരാകരിക്കു ന്നുവെങ്കിൽ അവൻ നമ്മിൽപെട്ടവനല്ല’’ (സ്വഹീഹുൽ ബുഖാരി, ഹദീഥ്: 4675, സ്വഹീഹു മുസ്ലിം, ഹദീഥ്: 2487).

കർമങ്ങൾ ചെയ്യുമ്പോൾ അല്ലാഹുവിൻെറ തൃപ്തി മാത്രം കാംക്ഷിക്കുന്നതിനാണ് ഇഖ്ലാസ് എന്നു പറയുക. മുസ്ലിമിൻെറ കർമങ്ങളെയെല്ലാം പ്രകാശമാനമാക്കുന്നത് അത് അല്ലാഹു കാണുന്നുണ്ടെന്നും അവൻ അതിന് പ്രതിഫലം നൽകുമെന്നുമുള്ള വിശ്വാസമാണ്. അല്ലാഹുവിൻെറ സംതൃപ്തിയല്ലാതെ, ലോകമാന്യമോ ഭൗതികവിഭവങ്ങളോ ആഗ്രഹിച്ചുകൊണ്ടുള്ള കർമങ്ങൾക്ക് യാതൊരു ഫലവുമുണ്ടവില്ല. അത്തരം കർമങ്ങൾ ചെയ്തവർക്ക് നരകമാണ് ലഭിക്കുകയെന്നാണ് പ്രവാചകൻ(സ) നൽകുന്ന മുന്നറിയിപ്പ്.

‘‘അബൂഹുറയ്റ(റ) നിവേദനം: നബി(സ)പറയുന്നതായി ഞാൻ കേട്ടിട്ടുണ്ട്. അന്ത്യദിനത്തിൽ ആദ്യമായി വിധി കൽപിക്കപ്പെടുക രക്തസാക്ഷ്യം വരിച്ചയാളുടെ കാര്യത്തിലാണ്. അങ്ങനെ അയാളെ കൊണ്ടുവന്ന് അയാൾക്ക് നൽകിയ അനുഗ്രഹങ്ങൾ അയാളെ അറി യിക്കുകയും അത് അയാൾ മനസ്സിലാക്കുകയും ചെയ്യും. അപ്പോൾ, താങ്കൾ അത് എങ്ങനെ വിനിയോഗിച്ചുവെന്ന് അല്ലാഹു അന്വേഷിക്കും.രക്തസാക്ഷിത്വം വരിക്കുവോളം നിൻെറ മാർഗത്തിൽ യുദ്ധം ചെയ്തുവെന്ന് അയാൾ പറയും.

ഉടനെ അല്ലാഹു പറയും:‘ നീ ക ള്ളം പറയുകയാണ്. ധീരനെന്ന് പറയപ്പെടാൻ വേണ്ടിയാണ് നീ യുദ്ധം ചെയ്തത്. അത് സംഭവിക്കുകയും ചെയ്തിട്ടുണ്ടല്ലോ.’ പിന്നീട് അയാൾ ശിക്ഷിക്കാൻ വിധിക്കപ്പെടുകയും മുഖം നിലത്തിട്ട് വലിച്ച് നരകത്തിൽ എറിയപ്പെടുകയും ചെയ്യും. വിജ്ഞാനം നേടുകയും അത് മറ്റുള്ളവരെ പഠിപ്പിക്കുകയും ഖുർആൻ പാരായണം നടത്തു കയും ചെയ്ത ആൾ ഹാജരാക്കപ്പെടും. അയാൾക്ക് നൽകിയ അനു ഗ്രഹങ്ങൾ അയാളെ അറിയിക്കുകയും അത് അയാൾക്ക് ബോധ്യ മാവുകയും ചെയ്യും. അപ്പോൾ അത് എന്തിനുവേണ്ടി വിനിയോഗിച്ചു വെന്ന് അല്ലാഹു ചോദിക്കും: ‘ഞാൻ നിനക്കുവേണ്ടി വിജ്ഞാനം നേടുകയും അത് അഭ്യസിപ്പിക്കുകയും ഖുർആൻ പാരായണം നട ത്തുകയും ചെയ്തു’വെന്ന് അയാൾ പറയും. ഉടനെ അല്ലാഹു പറ യും: നീ കള്ളം പറയുകയാണ്. പണ്ഡിതനെന്ന് ആളുകൾ പറയാൻ വേണ്ടിയാണ് നീ പഠിച്ചത്. ഓത്തുകാരൻ എന്ന് വിശേഷിപ്പിക്കപ്പെടാനാണ് നീ ഖുർആൻ പാരായണം ചെയ്തത്. അതെല്ലാം സംഭവിക്കു കയും ചെയ്തിട്ടുണ്ടല്ലോ’. അങ്ങനെ അയാൾക്ക് ശിക്ഷ വിധിക്കപ്പെ ടുകയും മുഖം നിലത്ത് വലിച്ചിഴച്ച് നരകത്തിൽ എറിയപ്പെടുകയും ചെയ്യും. അല്ലാഹു സാമ്പത്തിക സൗകര്യം ചെയ്തുകൊടുക്കുകയും വിവിധയിനം ധനം നൽകുകയും ചെയ്ത ആളെ ഹാജരാക്കും. അ യാൾക്ക് നൽകിയ അനുഗ്രഹങ്ങൾ ബോധ്യപ്പെടുത്തുകയും അത് അയാൾക്ക് മനസ്സിലാവുകയും ചെയ്യും. പിന്നീട് അവയെല്ലാം ഏത് മാർഗത്തിലാണ് വിനിയോഗിച്ചതെന്ന് അല്ലാഹു ആരായും. ചെലവഴി ക്കാൻ നീ ഇഷ്ടപ്പെടുന്ന ഒരു മാർഗവും ഞാൻ ചെലവഴിക്കാതെ വിട്ടിട്ടില്ലെന്ന് അയാൾ മറുപടി പറയും. അപ്പോൾ അല്ലാഹു പറയും: ‘നീ കളവ് പറയുകയാണ്. വലിയ ധർമിഷ്ഠനെന്ന പേര് ലഭിക്കാ നാണ് നീ അത് ചെയ്തത്. നിനക്ക് അത് കിട്ടുകയും ചെയ്തിട്ടുണ്ട്’. അങ്ങനെ അയാൾക്കെതിരെ കൽപന നൽകുകയും മുഖം വലിച്ചി ഴച്ച് അയാളെ നരകത്തിലെറിയുകയും ചെയ്യും’’ (സ്വഹീഹു മുസ്‌ലിം, ഹദീഥ്: 3527).

ഈമാനും ഇത്തിബാഉം ഇഖ്‌ലാസും നമ്മിൽ വളർത്തുവാൻ ഈ മാസത്തെ  വ്രതാനുഷ്ഠാനം നമുക്ക് എത്രത്തോളം പ്രയോജനപ്ര ദമായെന്ന് നാം വിലയിരുത്തുക. നാഥാ...ഈ റമദാൻ അനുകൂലസാക്ഷി നിൽക്കുന്നവരോടൊപ്പം ഞങ്ങളെയും നീ ചേർക്കേണമേ...(ആമീൻ).